കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ:B2/132/2025-SEC-Part(2) തീയതി: **28-11-2025**

# <u>സർക്കുലർ</u>

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതു തിരഞ്ഞെടുപ്പ് 2025 – തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള പോസ്റ്റൽ ബാലറ്റുകളുടെ വിതരണവും മാർക്ക്ഡ് കോപ്പി തയ്യാറാക്കലും – അധിക മാർഗ്ഗ നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന:- കമ്മീഷന്റെ 19.11.2025 ലെ ബി2/132/2025/സം.തി.ക-പാർട്ട്(1)-1 നമ്പർ സർക്കുലർ.

## <u>പോസ്റ്റൽ ബാലറ്റ് വിതരണവും മാർക്ക്ഡ് കോപ്പി തയ്യാറാക്കലും</u>

- മാർക്ക്ഡ് കോപ്പി തയ്യാറാക്കുന്ന ആവശ്യത്തിലേക്കായി ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പഞ്ചായത്തുകളെ സംബന്ധിച്ച് വോട്ടർ പട്ടികയുടെ (അടിസ്ഥാന പട്ടികയുടെയും സപ്ലിമെന്ററി പട്ടികകളുടെയും) 5 പകർപ്പുകളും മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളെ സംബന്ധിച്ച് മൂന്ന് പകർപ്പുകളും ബന്ധപ്പെട്ട വരണാധികാരികൾക്ക് ഉടൻതന്നെ നൽകേണ്ടതാണ്.
- വോട്ടർ പട്ടികയുടെ പ്രിന്റ് ഇരു പുറങ്ങളിലായി എടുക്കേണ്ടതും അടിസ്ഥാന പട്ടികയിലും സപ്ലിമെന്ററി പട്ടികകളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഒപ്പും സീലും പതിക്കേണ്ടതുമാണ്. ഇയാവശ്യത്തിന് ഇലക്ടറൽ റജിസ്ട്രേഷൻ ഓഫീസർമാരുടെ ഫാസിമിലിയും (facsimile) ഉപയോഗിക്കാവുന്നതാണ്.
- ജില്ലയിലെ മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷ സമ്മതിദായകന്റെ പേര് ഉൾപ്പെടുന്ന വാർഡിന്റെ ചുമതലയുള്ള വരണാധികാരിക്ക് തന്നെ വേണം നൽകേണ്ടത്.
- ജില്ലയിലെ ത്രിതല പഞ്ചായത്തുകളെ സംബന്ധിച്ച് പോസ്റ്റൽ ബാലറ്റിനുള്ള മൂന്ന് അപേക്ഷകളും പൂരിപ്പിച്ച് ഉത്തരവിന്റെ പകർപ്പ് സഹിതം ഒറ്റ കവറിൽ സമ്മതിദായകന്റെ പേര് ഉൾപ്പെടുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തിലെ ഏതു വരണാധികാരിക്കും നൽകാവുന്നതാണ്.
- മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് അതത് വരണാധികാരിക്ക് ഒരു അപേക്ഷ മതി.
- അപേക്ഷയിൽ സമ്മതിദായകന്റെ പേരും പോസ്റ്റൽ മേൽവിലാസവും വോട്ടർ പട്ടികയുടെ ക്രമനമ്പരും, ഭാഗം (വിഭാഗം) നമ്പരും കൃത്യമായും രേഖപ്പെടുത്തണം.
- ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പോസ്റ്റൽ ബാലറ്റുകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് വരണാധികാരിയും ഗ്രാമപഞ്ചായത്തുകളുടെ ബാലറ്റുകൾ ഗ്രാമ പഞ്ചായത്ത് വരണാധികാരിയുമാണ് സമ്മതിദായകർക്ക് അയക്കേണ്ടത്.

- വരണാധികാരികൾ ത്രിതലപഞ്ചായത്തുകളെ സംബന്ധിച്ച് മൂന്ന് തലത്തിലേക്കുമുള്ള ബാലറ്റ് പേപ്പറുകളും, രേഖകളും, കവറുകളും ഒന്നിച്ച് വേണം അയക്കേണ്ടത്.
- ത്രിതല പഞ്ചായത്തുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിവിധതലങ്ങളിലെ ബാലറ്റുകൾ നൽകണം.
- ഇതിനകം പരിശീലന കേന്ദ്രങ്ങളിലും ജില്ലാ കേന്ദ്രങ്ങളിലും ലഭിച്ചതും ലഭിക്കുന്നതുമായ ജില്ലയിലെ വോട്ടർമാരുടെ പോസ്റ്റൽ ബാലറ്റ് അപേക്ഷകൾ ബന്ധപ്പെട്ട വരണാധികാരികൾക്ക് ഉടൻ കൈമാറി ബന്ധപ്പെട്ടവർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെ പോസ്റ്റൽ ബാലറ്റുകൾ അയക്കുന്നതിന് വോട്ടർപട്ടികയുടെ മൂന്നു പകർപ്പുകൾ ഓരോ തലത്തിലേക്കുമുള്ള വർക്കിംഗ് കോപ്പിയായി ഉപയോഗിക്കാവുന്നതാണ്.
- മുനിസിപ്പാലിറ്റികളിൽ ഒരു കോപ്പി വർക്കിംഗ് കോപ്പിയായി ഉപയോഗിക്കാം.
- വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പറുകൾ വോട്ടെണ്ണൽ ദിവസം രാവിലെ 8 മണി സമയത്തിനു മുമ്പ് തന്നെ വരണാധികാരിക്ക് കിട്ടത്തക്കവിധമുള്ള സമയക്രമീകരണം വരുത്തി വേണം പോസ്റ്റൽ ബാലറ്റുകൾ അയക്കേണ്ടത്.
- പോസ്റ്റൽ ബാലറ്റുകളുടെ വിതരണം പൂർത്തിയായാൽ ഉടൻ തന്നെ മൂന്ന് തലത്തിലെയും വർക്കിംഗ് കോപ്പികൾ പരിശോധിച്ച് ഒരു മാർക്ക്ഡ് കോപ്പി തയ്യാറാക്കി വോട്ടെടുപ്പിനായി സജ്ജമാക്കണം.
- അത്തരത്തിൽ തയ്യാറാക്കുന്ന മാർക്ക്ഡ് കോപ്പിയും ഒരു അധിക കോപ്പിയും വേണം പോളിംഗ് സ്റ്റേഷനിൽ വോട്ടെടുപ്പിന് ഉപയോഗിക്കുന്നതിനായി നൽകേണ്ടത്.

Signed by
Prakash B S
Date: 28-11-2025 10:19:54

PRAKASH.B.S
SECRETARY

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ വരണാധികാരികൾക്കും

പകർപ്പ്:

എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും (ഉപ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- അർബൻ)

എല്ലാ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും (ഉപ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- റൂറൽ)

എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

സ്റ്റാന്റിംഗ് കൗൺസിൽ

കമ്മീഷണറുടെ പി എസ്

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in